# സമവായവും സമാധാന സേനയും

**മുസ്‌ലിം** രാജ്യങ്ങളുടെ കൂട്ടായ്മയായ ഒ.ഐ.സി കുറച്ചു മാസങ്ങൾക്കുമുമ്പ് ഒരു കമ്മിറ്റി രൂപീകരിച്ചിരുന്നു. മുസ്‌ലിം രാജ്യങ്ങളെ അലട്ടിക്കൊണ്ടിരിക്കുന്ന ആഭ്യന്തര കലഹങ്ങൾ അവസാനിപ്പിക്കുക, ആദർശവിശദീകരണങ്ങളിലും കർമശാസ്ത്ര രീതികളിലും പ്രാദേശികദേശീയതകളുടെ പേരിലുമെല്ലാം മുസ്‌ലിം സംഘടനകൾ തമ്മിൽ പുലർത്തുന്ന ഭിന്നതകളിലും തർക്കങ്ങളിലും സമവായമുണ്ടാക്കി ഓരോ രാജ്യത്തെയും സമൂഹത്തെ ഐക്യപ്പെടുത്തുക ഇതാണ് കമ്മിറ്റിയുടെ ചുമതല. ഒ.ഐ.സി അംഗരാജ്യങ്ങളിൽ ആറെണ്ണത്തിന്റെ വിദേശകാര്യമന്ത്രിമാർ ഉൾപ്പെട്ടതാണ് ഈ കമ്മിറ്റി. കമ്മിറ്റി അതിന്റെ ദൗത്യപൂർത്തീകരണത്തിന് കാര്യമായ എന്തെങ്കിലും നീക്കം നടത്തിയതായി ഇതുവരെ അറിവായിട്ടില്ല. എന്നാൽ സുഊദി രാജാവ് അബ്ദുല്ല ബിൻ അബ്ദുൽ അസീസ് മുൻകൈയെടുത്ത് ചില അനുരഞ്ജന സമ്മേളനങ്ങൾ സംഘടിപ്പിക്കുകയുണ്ടായി. അത് കുറച്ചൊക്കെ ഫലപ്രദമാവുകയും ചെയ്തിരിക്കുന്നു. ഇറാഖിൽ പരസ്പരം പൊരുതുന്ന മുസ്‌ലിം ഗ്രൂപ്പുകൾ ഒത്തുചേർന്ന് 'മക്ക കരാർ' എന്നപേരിൽ സന്ധിയുണ്ടാക്കിയത് ഇത്തരമൊരു സംഭാഷണത്തിലാണ്. ഇറാഖിലെ ആഭ്യന്തരയുദ്ധത്തിനറുതിയായില്ലെങ്കിലും അത്തരമൊരു കരാറുണ്ടായി എന്നത് നിസ്സാര കാര്യമല്ല. ഫലസ്ത്വീനിലെ അൽ ഫത്ഹും ഹമാസും ചേർന്ന ഐക്യ സർക്കാർ രൂപീകരിക്കാൻ വഴിയൊരുക്കിയതും അബ്ദുല്ലാ രാജാവിന്റെ മധ്യസ്ഥതയിൽനടന്ന സന്ധിസംഭാഷണമാണ്. ഈ സംഭാഷണങ്ങൾക്ക് ഒ.ഐ.സിയുടെ പിന്തുണയും സഹകരണവും ഉണ്ടായിരുന്നു. ഇത്തരം സംഭാഷണങ്ങൾ തുടരുകയാണെങ്കിൽ അഫ്ഗാനിസ്താനിലെ ഗ്രൂപ്പുയുദ്ധങ്ങൾ അവസാനിപ്പിക്കാനും ലബനാനിലെ സുന്നീ-ശിയാ സംഘർഷം ലഘൂകരിക്കാനും വഴിതെളിയുമെന്ന് പ്രതീക്ഷിക്കപ്പെടുന്നുണ്ട്. അതിനുപക്ഷേ ഒ.ഐ.സിയിലെയും അത് രൂപീകരിച്ച അനുരഞ്ജനക്കമ്മിറ്റിയിലെയും എല്ലാ അംഗരാജ്യങ്ങളും ആസൂത്രിതമായ പരിപാടികളുമായി മുന്നോട്ടു വരേണ്ടതുണ്ട്.

അനുരഞ്ജനക്കമ്മിറ്റിയുടെ ഒരുയോഗം ഈയിടെ പാക് തലസ്ഥാനമായ ഇസ്‌ലാമാബാദിൽ ചേരുകയുണ്ടായി. ഒ.ഐ.സി ജനറൽ സെക്രട്ടറി അക്മലുദ്ദീൻ ഇഹ്സാൻ ഓഗ്‌ലുവായിരുന്നു അധ്യക്ഷൻ. മുസ്‌ലിംരാജ്യങ്ങളിലെ വിവിധ മുസ്‌ലിം സംഘടനകൾ തമ്മിലുള്ള ഭിന്നതകളും കലഹങ്ങളും അവസാനിപ്പിക്കാൻ തീരുമാനിച്ചിരിക്കുന്നു എന്ന പ്രഖ്യാപനത്തോടെയാണ് യോഗം അവസാനിച്ചത്. പക്ഷേ, അതിന് കമ്മിറ്റി കണ്ടെത്തിയ പ്രായോഗികപരിപാടി എന്താണെന്ന് വിശദീകരിക്കപ്പെടുകയുണ്ടായില്ല.

ഒ.ഐ.സി ഇതിനുമുമ്പ് ഇതിനേക്കാൾ പ്രധാനമായ മറ്റൊരു നിർദേശം ചർച്ചചെയ്തിരുന്നു. മുസ്‌ലിം രാജ്യങ്ങൾക്ക് സ്വന്തമായി ഒരു സമാധാന സേന എന്നതായിരുന്നു അത്. മുസ്‌ലിം രാജ്യങ്ങളിൽ അന്യരാജ്യങ്ങളുടെ സൈന്യങ്ങൾ കടന്നുകയറുന്നത് ഒഴിവാക്കാനുള്ള ഫലപ്രദമായ മാർഗമായി ഇത് വിലയിരുത്തപ്പെട്ടു. ഇസ്‌ലാമാബാദ് മീറ്റിംഗിലും ഈ വിഷയം ചർച്ച ചെയ്തതായി അറിയുന്നു. ഇസ്‌ലാമിക സമാധാന സേന എത്രയും വേഗം രൂപവൽക്കരിക്കണമെന്നും അതിനെ ആദ്യം ഐക്യരാഷ്ട്രസഭയുടെ മേൽനോട്ടത്തിൽ ഇറാഖിൽ വിന്യസിക്കണമെന്നും അങ്ങനെ അമേരിക്കൻ സഖ്യസേനക്ക് ഇറാഖിൽനിന്ന് പിന്മാറാൻ വഴിയൊരുക്കണമെന്നുമാണ് ഉയർന്നുവന്ന ശ്രദ്ധേയമായ നിർദേശം. യോഗങ്ങൾതോറും നിർദേശങ്ങളുന്നയിക്കുകയും ചർച്ചചെയ്യുകയുമല്ലാതെ അത് യാഥാർഥ്യമാക്കാനുള്ള പ്രായോഗിക പരിപാടികളൊന്നും ആവിഷ്കരിക്കപ്പെടുന്നില്ല. മുസ്‌ലിം സമൂഹങ്ങളെ സാമ്രാജ്യത്വ സേനകളുടെ ബൂട്ടിനടിയിൽ നിന്നു മോചിപ്പിക്കാനുള്ള ഒരു പദ്ധതി അവസാനിക്കാത്ത ചർച്ചയായി നീണ്ടുപോവുകയാണ്. കുറ്റം ഒ.ഐ.സി എന്ന സ്ഥാപനത്തിന്റേതല്ല; മൊത്തം മുസ്‌ലിം രാജ്യങ്ങളുടേതാണ്. മുസ്‌ലിം ഗവൺമെന്റുകളുടെയും ഉമ്മത്തിന്റെയും സഹകരണമില്ലാതെ ഒ.ഐ.സിക്ക് ഒന്നും ചെയ്യാനാവില്ല. സ്വപ്നങ്ങൾ യാഥാർഥ്യമാകാൻ ആർഭാടമായി യോഗങ്ങൾ ചേർന്ന് വമ്പൻ പ്രഖ്യാപനങ്ങൾ നടത്തി പിരിഞ്ഞു പോയാൽ പോരാ. അതിന് പ്രായോഗിക പദ്ധതികളും ആ പദ്ധതികൾ നടപ്പിലാക്കാനുള്ള ഇഛാശക്തിയും ആത്മധൈര്യവും ഭാവനാപൂർണമായ കർമശേഷിയും കൂടി വേണം. മുസ്‌ലിം സർക്കാറുകൾക്കില്ലാത്തതും അതൊക്കെയാണ്. എല്ലാവരുടെയും വാലുകൾ സാമ്രാജ്യത്വത്തിന്റെ അമ്മിക്കുഴക്കുകീഴിലാണ്. പ്രഖ്യാപനങ്ങൾ നടത്താനുള്ള സ്വാതന്ത്ര്യം അവർക്കുണ്ട്. പക്ഷേ, പ്രായോഗികമായി വല്ലതും ചെയ്യണമെങ്കിൽ അമേരിക്കയുടെയും യൂറോപ്പിന്റെയും തിരുവുള്ളം കനിയണം. സ്വന്തം രാജ്യരക്ഷ സാമ്രാജ്യത്വത്തിന് കരാറുകൊടുത്തവർക്ക് സ്വതന്ത്രമായ വിദേശനയമുണ്ടാകുന്നതെങ്ങനെ?

ജനങ്ങളും ഭരണകൂടവും തമ്മിലുള്ള വിടവ് മുസ്‌ലിം ഉമ്മഃ നേരിടുന്ന സങ്കീർണമായ പ്രശ്നമാണ്. മിക്ക മുസ്‌ലിം ഭരണകൂടങ്ങളും അതിന്റെ പൗരസഞ്ചയത്തിന്റെ വിചാരവികാരങ്ങളെയും ആഗ്രഹാഭിലാഷങ്ങളെയും പ്രതിനിധീകരിക്കുന്നില്ല. തത്വശാസ്ത്രത്തിന്റെയും കർമശാസ്ത്രത്തിന്റെയും വിശദാംശങ്ങൾക്കും പ്രാദേശിക വൈവിധ്യങ്ങൾക്കുമപ്പുറം ലോകമുസ്‌ലിംകളെ ഒന്നടങ്കം ചില മൂല്യങ്ങൾ ഐക്യപ്പെടുത്തുന്നുണ്ടെന്ന് സാമാന്യ മുസ്‌ലിംകൾ വിശ്വസിക്കുന്നുണ്ട്. ഈ ഐക്യത്തിലും ഇസ്‌ലാമിക സംസ്കാരത്തിലും അധിഷ്ഠിതമായ സാമൂഹിക നീതിയും വികസനവുമാണ് അവരാഗ്രഹിക്കുന്നത്. പക്ഷേ, ഭരണകൂടങ്ങൾ അധികാര താൽപര്യങ്ങൾക്കുവേണ്ടി ഭിന്നതകളെയും പ്രാദേശിക വൈജാത്യങ്ങളെയും സ്വതന്ത്രദേശീയതകളായി വളർത്താൻ ശ്രമിക്കുന്നു. സാമൂഹിക നീതിക്കും വികസനത്തിനും പടിഞ്ഞാറിനെ മാതൃകയാക്കുന്നു. അതോടൊപ്പം ഭരണകൂടം ജനാഭിലാഷത്തിന്റെ നടത്തിപ്പുകാരാവുക എന്ന പടിഞ്ഞാറിന്റെ അനുകരണീയ സംഭാവനയെ തിരസ്കരിക്കുകയും ചെയ്യുന്നു. ജനങ്ങളുടെ അഭിപ്രായത്തിന്റെയും അഭിലാഷത്തിന്റെയും വിപരീത ദിശയിലാണ് മിക്കമുസ്‌ലിം സർക്കാറുകളും നിലകൊള്ളുന്നത്. തീവ്രവാദവും ഭീകരതയും മുളച്ചുപൊന്തുന്നത് ഈ വിടവിൽനിന്നാണ്. ഒ.ഐ.സി പോലുള്ള ആഗോള മുസ്‌ലിം കൂട്ടായ്മകൾ അവയുടെ ലക്ഷ്യം പ്രാപിക്കണമെങ്കിൽ ആദ്യം മുസ്‌ലിം ഭരണകൂടങ്ങളും അവയുടെ പൗരന്മാരും തമ്മിൽ ഐക്യപ്പെടണം. സ്വന്തം ജനതയുമായി സമരസപ്പെടാനാവാത്തവർക്ക് എങ്ങനെയാണ് ആഗോള ഐക്യം കെട്ടിപ്പടുക്കാൻ കഴിയുക?! ■